മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഞാൻ ചോദിക്കുന്നതു് ഈ വിഷയത്തെക്കുറിച്ചുള്ള വാദപ്രതിവാദത്തിന്റെ ഫലമായിട്ട ഇതിൽ ചിന്തിക്കേണ്ടതൊന്നുമില്ല. കൃഷിക്കാരന്റെ കയ്യിൽനിന്നു പണം മേടിക്കേണ്ട ആവശ്യമില്ല. കൃഷിക്കാരൻ....

Mr. President: No need for a lengthy statement. Please put a pointed question.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഞാൻ ചോദിക്കുന്നതു് ഈ കായ്ം ഗവമ്മെണ്ടിന്റെ ആലോചനക്കു വെക്കാതെ, ചിന്തക്കു വെക്കാതെ ഉടനടി ആ ഡസ്കിൽ ഇരുന്നു് This is cancelled എന്നു് ആർഡർ എഴുതാമൊ എന്നാണു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇവിടെയിരുന്നു് ആർഡർ എഴുതാൻ സാദ്ധ്യമല്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Dont Quibble; Sir, Do'nt Quibble.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എണ്ണായിരപ്പറ നെല്ലു കൃഷി ചെയ്യുന്ന ഈ സ്ഥലം ഇനിന്നു ഗവമ്മെണ്ടിലേക്കു എത്ര പറ നെല്ലു കിട്ടുമെന്നു പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ ഇത്ര പറക്കുള്ള നിലമുണ്ടെന്നു ഗവമ്മെണ്ടു പറഞ്ഞില്ല. എത്ര പറ നെല്ലു കിട്ടുമെന്നുള്ളതു് ആ നിലത്തിലെ വിളവുനോക്കാതെ ഗവമ്മെണ്ടിനു പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അവിടെ നിന്നു നികുതി എത്രകിട്ടുമെന്നു പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്ഥലം എത്രയുണ്ടെന്നു അറിഞ്ഞാലെ അതു പറയുവാൻ സാദ്ധ്യമുള്ളു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അയ്യായിരപ്പറക്കു നിലമുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു ഏതു ക്ലാസ്സിൽ പെട്ടതാണെന്നു അറിയണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എ. ക്ലാസ്സിൽ പെട്ടതാണു്.

Mr. Parambi Lonappen *(Irinjalakkuda)*: I wish to bring to the notice of the Hon'ble President that the Government benches seem to treat the subject in a ludicrous manner (Mr. P. Kumaran Ezhuthassan—shameful Government replies would show that we are wasting our time. It is a matter of the agriculturists and the Prime Minister seems to laugh over the matter and think that this is nothing for them.

റാവുബഹദൂർ ടി. കെ. നായർ: വളരെ സങ്കടകരമായിട്ടുള്ള ഒരു റിമാർക്കാണു്. ഓപ്പോസിഷൻ ലീഡർ പറഞ്ഞിരിക്കുന്നതു്. ഈ വിഷയത്തെപ്പറ്റി ആലോചിച്ചു് ഒരു തീരുമാനം ചെയ്യാമെന്നു് ഗവമ്മെണ്ടു് അതർഹിക്കുന്ന ഗൌരവത്തോടുകൂടി പല പ്രാവശ്യവും പറഞ്ഞു. ഇപ്പോൾതന്നെ, ഈ ഡസ്കിന്മേൽ വച്ചുതന്നെ തീരുമാനം ചെയ്യ ആർഡർ പാസ്സാക്കണമെന്നു പറയുന്നതു് കഷ്ടമാണു്.

Mr. Parambi Lonappen *(Irinjalakkuda)*: That is not the kind of reply the Prime Minister gave to the question of Mr. Thomakutty.

റാവുബഹദൂർ ടി. കെ. നായർ: ഓരോരുത്തരും മാറിമാറി പറയുന്നതിൽ ഓരോതരത്തിലുള്ള മാറ്റങ്ങളും ഉണ്ടാകാമെന്നല്ലാതെ നിയമസഭയെ കണക്കാക്കാതെകണ്ടു് ഗവമ്മെണ്ടു് പ്രവർത്തിക്കുന്നു എന്നു പറയരുതു്. ഇതിനെപ്പറ്റി പലപ്രാവശ്യവും ഈ ഡിപ്പാർട്ടുമെണ്ടിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രി ആലോചിക്കാമെന്നു പറഞ്ഞുകഴിഞ്ഞു.

Mr. President: Order. Order. The question has been sufficiently answered. We shall now proceed to the next question.

PENSION—ENHANCEMENT OF

21. Mr. M. O. Thomakutty *(Commerce and Industry)*: Will Government be pleased to state,—

whether they propose to increase the rate of pension to Government pensioners?

Mr. P. Govinda Menon *(Prime Minister)*: There is no such proposal.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പെൻഷൻകാരായ ഉദ്യോഗസ്ഥന്മാരിൽ നിന്നു വല്ല നിവേദനവും പ്രൈംമിനിസ്റ്റർക്കു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതിനു എത്ര സമാധാനമാണു് ഗവമ്മെണ്ടു പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിന്മേൽ ഫൈനൽ ഓർഡെഴ്സൊന്നും പാസ്സാക്കീട്ടില്ല.

Mr. P. A. Muhammad Ashrof *((Cranganur):* May I know whether the pensioners are being given dearness allowance?

Mr. P. Govinda Menon *(Prime Minister):* Yes.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ സംഗതി ഗവമ്മെണ്ടിന്റെ ആലോചനയിൽ ഉണ്ടെന്നാണൊ പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഹർജി ആലോചനയിൽ വന്നിട്ടുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പ്രൊപ്പോസലൊന്നുമില്ലെന്നു ഗവമ്മെണ്ടു പറഞ്ഞിട്ടുണ്ടല്ലൊ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചോദ്യത്തിൽ പറയുന്ന സംഗതിയെപ്പറ്റി ഗവമ്മെണ്ടു് ആലോചിച്ചിട്ടില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പിന്നെ എന്താണു് ഗവമ്മെണ്ടു് ആലോചിച്ചതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഹർജിയിൽ പറഞ്ഞ സംഗതികളും ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നാണു് പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഗവമ്മെണ്ടിന്റെ ആലോചനയിലിരിക്കുന്ന ഹർജി എന്നു കിട്ടിയതാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒന്നരണ്ടാഴ്ചയായി.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: [illegible] President of the Low paid Pensioners Association-ൽ നിന്നും ടൈപ്പുചെയ്ത ഒരു ഹർജി കിട്ടിയിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തിയ്യതി അതാണൊ എന്നറിഞ്ഞുകൂടാ. ആ കാലത്തു ഒരു ഹർജി കിട്ടിയിട്ടുണ്ടു്. ആ ഹർജി തള്ളിക്കഴിഞ്ഞു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതു തള്ളുവാനുള്ള കാരണമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോഠം കൂടുതൽ പെൻഷൻ കൊടുക്കുവാൻ നിവൃത്തിയില്ലാത്തതു കൊണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആയുസ്സിന്റെ പകുതിഭാഗം ഗവമ്മെണ്ടിനുവേണ്ടി ചിലവഴിച്ചു വാൽക്യദശയിൽ പുറത്തുപോയി പകുതിശമ്പളം മേടിച്ചു് അനുഭവിക്കുന്ന ആളുകളല്ലെ പെൻഷൻകാർ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെൻഷൻകാർ എന്നു പറഞ്ഞാൽ പെൻഷൻ വാങ്ങുന്നവരാണു് എന്നു ഗവമ്മെണ്ടു ധരിച്ചിട്ടുണ്ടു്?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അവരുടെ ആയുസ്സിന്റെ നല്ലൊരു ഭാഗം ഗവമ്മെണ്ടിനു വേണ്ടി ബലികഴിച്ചു് വാൽക്യമാകുന്നതോടുകൂടി പുറത്തു പോകുന്നവക്കല്ലെ പകുതി ശമ്പളം കൊടുക്കുന്നതെന്നു ഗവമ്മെണ്ടിനു് അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ വിധത്തിൽ ചോദിച്ചാൽ വിഷമമാണു്. പെൻഷൻകാർ എന്നു പറഞ്ഞാൽ അവർ ആരാണെന്നു നിയമസഭയിൽ എല്ലാവക്കും അറിയാം.

Mr. P. Kumaran Ezhuthassan *(Vadaancheri):* I want an answer, Sir.

Mr. President: You want answer to what? Let me know.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആയുസ്സിന്റെ നല്ലൊരുഭാഗം ഗവമ്മെണ്ടിനുവേണ്ടി ചിലവഴിച്ചിട്ടു് വാൽക്യമാകുമ്പോഠം അല്പപട്ടിണിയായി കഴിഞ്ഞു കൂടുന്നവരല്ലെ പെൻഷൻകാർ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ ഡെഫിനിഷനിൽപെട്ട വരാണെന്നു ഗവമ്മെണ്ടു വിചാരിക്കുന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: പെൻഷൻ എടുപ്പാടനിവൃത്തി പ്രൊവിഡണ്ടു് ഫണ്ടു് ഏടുപ്പാടു് തുടങ്ങുവാൻ ഗവമ്മെണ്ടിനു ആലോചനയുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ ആലോചനയില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അബ്ദുറഹ്മാൻ: അതിനെപ്പറ്റി ആലോചിക്കാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

മിസ്റ്റർ എം. ഇ. തോമക്കുട്ടി: ഈ സന്ദർഭത്തിൽ അവരുടെ പെൻഷനിൽ എന്തെങ്കിലും ഒരു Percentage കൂട്ടിക്കൊടുക്കുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവർ ഒരു ഹർജി അയച്ചിട്ടുണ്ട്. അതു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇന്നലെ വൈകുന്നേരം വന്ന മദ്രാസ്മെയിലിൽ മദ്രാസ്പ്രൊവിൻസിലുള്ള പെൻഷനേഴ്സ് എതാണ്ട് ഈ തരത്തിലുള്ള ഒരു അപേക്ഷ ചെയ്തതിനെ അനുഭാവപൂർവ്വം പരിചിന്തിക്കാമെന്ന് മദ്രാസ് ഗവണ്മെന്റു പറഞ്ഞിട്ടുള്ള റിപ്പോർട്ട് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടൊ?

Mr. P. Govinda Menon *(Prime Minister)*: I will take the Hon'ble Members' statement as correct. I have not read it yet.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Profit by it then.

മിസ്സിസ്സ് കെ. എം ആർ. മേനോൻ: പെൻഷൻ കൊടുത്തു പിരിക്കുന്നസമയത്തു് എതാനും പിഞ്ചുകുഞ്ഞുങ്ങൾക്കു കിട്ടാവുന്ന പെൻഷന്റെ തുക കണക്കാക്കി അതനുസരിച്ചു തന്നെ തുക അവർക്കു ഗ്രാറ്റുവിറ്റിയായി കൊടുക്കാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു പ്രൊവിഷൻ ഇവിടെയില്ല.

മിസ്സിസ് കെ. എം. ആർ. മേനോൻ: അങ്ങിനെപലരാജ്യങ്ങളിലുമുണ്ട്. അതുപോലെ ഇവിടെയും ചെയ്യാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ എം. ഇ. തോമക്കുട്ടി: പെൻഷൻ കമ്മ്യൂട്ടുചെയ്തു കൊടുക്കുന്നുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊടുക്കുന്നില്ലെന്നാണ് പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇപ്പോൾ ഇവിടെനടന്ന സംഗതികളെവെച്ചുകൊണ്ട് ഇ ഇ വയസ്സുകഴിഞ്ഞാൽ പെൻഷൻ കൊടുക്കുന്നതിനുപകരം വീട്ടിൽപോയാൽ പണിയെടുക്കുവാൻതക്കവണ്ണം ഇ ഠ വയസ്സിൽ പെൻഷൻകൊടുക്കുവാൻ ദയവുണ്ടാകുമൊ?

Mr. P. Govinda Menon *(Prime Minister)*: It is a large matter of policy which I cannot answer now on the floor of the House.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അതിനെപ്പറ്റി ഗാഢമായിട്ട് ആലോചിക്കാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

Mr. P. Kumaran Ezhuthassan *(Vadakkamcheri)*: The position is this: Will the Government give the House a gurantee that they will do something for the pensioners?

Mr. P. Govinda Menon *(Prime Minister)*: No guarantee can be given on the floor of this House.

മിസ്റ്റർ പി. നാരായണമേനോൻ: പെൻഷൻറ് ഉദ്യോഗസ്ഥന്മാരെ രണ്ടാമതും സർവ്വീസിലേക്കു എടുക്കുവാൻ ആലോചനയുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചനയില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ആരെയെങ്കിലും എടുത്തിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: യുദ്ധകാലത്തു ചില ആളുകളെ എടുത്തിട്ടുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: പബ്ലിക്ക് സർവ്വീസ്കമ്മീഷനിൽ ആരെയെങ്കിലും എടുത്തിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിന്റെ ചെയർമാൻ പെൻഷൻവാങ്ങുന്ന ഒരാളാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: ഇങ്ങിനെയുള്ള ജോലിക്കാർക്ക പെൻഷൻവാങ്ങുന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാൻ ഗവണ്മെണ്ടിന്ന ഭയമുണ്ടാകുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെൻഷൻകാർക്ക യുക്തമായിട്ടുള്ള ജോലി വരുമ്പോൾ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ഇതു് പെൻഷൻകാർക്ക യുക്തമായ ജോലിയാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തിന്ന പറ്റിയ ജോലിയായതുകൊണ്ടു് ആളെ വെച്ചുവെന്നേയുള്ളു.

Mr. President:- Order, order. The subject matter of the question is to increase the rate of pension of the pensioners.

മിസ്റ്റർ പി. നാരായണമേനോൻ: അതിൽ അദ്ദേഹം ഇരിക്കുവാൻ തയ്യാറാണെന്ന തീരുമാനമായാൽമാത്രമേ അതുനടത്തുവാൻസാധ്യമുള്ളു. ഇരിക്കുവാൻ തീരുമാനിച്ചുവരുകയാണെങ്കിൽ അങ്ങിനെ ചെയ്യുന്നതു് അവർക്ക ഒരു സഹായമായിരിക്കുകയില്ലെ?

Mr. President: That does not arise.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഗവണ്മെണ്ടിൽനിന്ന ഭയാപഹരസ്സുരം അങ്കശമ്പളക്കാർക്ക ക്ഷാമബത്ത അനുവദിച്ചിട്ടുണ്ടു്. അതൊന്ന കൂട്ടുവാൻ സന്മനസ്സുണ്ടാകുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: Thank you sir.

POST-WAR RECONSTRUCTION CENTRAL COMMITTEE—INFORMATION REGARDING

22. Mr. A. Eachara Menon *(Chittur-Tattamangalam):* Will Government be pleased to state.—

(*a*) how many times did the Post-war Reconstruction Central Committee meet;
(*b*) what were the subjects discussed and what were the decisions arrived at;
(*c*) is it a fact that a member of the Committee, His Highness Kuttan Thampuran, resigned his membership of the Committee; if so, why?

Rao Sahib A. Madhava Prabhu *(Chief Secretary to Government):*

(*a*) The Post-war Reconstruction Central Committe has not met except once for its inauguration on 13th March 1946.

(*b*) Does not arise.

(*c*) Yes. The reason as stated in the letter of resignation is that there is no sufficient progress made by the Committee and that certain schemes have been taken up by Government already without reference to the Committee.

മിസ്റ്റർ എ. ഇച്ചരമേനോൻ: യുദ്ധാനന്തര പുനരുദ്ധാരണ പദ്ധതിപ്രകാരം കാട്ടു് നാടാക്കും നാട്ടു് കാടാക്കും എന്നു് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതിൽ കെങ്കേമമായി എന്നനടിക്കുന്ന ഗവണ്മെണ്ടു് ഈ വിധമായാൽ എങ്ങിനെയാണു് സാധുക്കൾ കഴിഞ്ഞുകൂടുക!

Rao Sahib A. Madhava Prabhu *(Chief Secretary to Government):* That is not a question for information.

Mr. President: What is the information that the Hon'ble Member wants?

മിസ്റ്റർ എ. ഇച്ചരമേനോൻ: ഈ പദ്ധതിയിൽ പല വലിയകാര്യങ്ങളും ചെയ്യുവാൻപോകുന്നുണ്ടു് എന്നു് പത്രങ്ങളിൽ ഗവണ്മെണ്ടു പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. അതിനു ഒരു കമ്മറ്റി വെച്ചിട്ടു് അവരോടു് ആലോചിക്കാതെ ഗവണ്മെണ്ടിന്റെ ഇഷ്ടംപോലെ ചെയ്യുകയാണൊ വേണ്ടതു്?

Mr. M. K. Raja *(Mulakumathukavu):* That is a lamentation.

Mr. P. Govinda Menon *(Prime Minister):* The Government have no information.

മിസ്റ്റർ എ. ഇച്ചരമേനോൻ: ഈ റസിഡിനേഷൻ സ്വീകരിച്ചുവൊ?

റാവുസാഹിബു് എ. മാധവപ്രഭു: സ്വീകരിച്ചുകഴിഞ്ഞു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: രാജിവെക്കുന്നതിന്ന മറ്റുകാരണങ്ങളും ഇവിടെ പറഞ്ഞിട്ടുള്ളതുതന്നെയല്ലെ?

റാവുസാഹിബു് എ. മാധവപ്രഭു: അതെ.

LIBRARY ARCHIVES Kerala Legislative Assembly